പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1231

1.07.2015 ൽ മറുപടിക്ക്

## "പഹൽ " സ്കീം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എൽ.പി. ജി ഉപഭോക്താക്കളിൽ എത്ര ശതമാനം പേർ "പഹൽ" സ്കീമിൽ അംഗങ്ങളായുണ്ടെന്ന വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഉപഭോക്താക്കളിൽ 88.01% പേർ 'പഹൽ' സ്കീമിൽ അംഗങ്ങളായുണ്ടെന്ന് സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) | അർഹതയുള്ള എല്ലാ ഉപഭോക്താക്കളെയും പ്രസ്തുത പദ്ധതിയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കുമോ ? | (ബി) | നിലവിലുള്ള പദ്ധതി പ്രകാരം ആധാർ ഇല്ലാത്ത ഉപഭോക്താക്കൾക്കും സബ്സിഡി ലഭിക്കാൻ അർഹതയുണ്ട്. അതിനു വേണ്ടി ഉപഭോക്താക്കൾ അവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഗ്യാസ് ഏജൻസികളിൽ നല്കുകയോ അല്ലെങ്കിൽ എൽ.പി.ജി നമ്പർ ബാങ്കുകളിൽ നല്കുകയോ ചെയ്താൽ സബ്സിഡി ലഭിക്കുന്നതാണ് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) | എൽ. പി. ജി സിലണ്ടറുകൾ യഥാസമയം വിതരണം ചെയ്യുന്നതിൽ ഗ്യാസ് ഏജൻസികൾ കാണിക്കുന്ന അലംഭാവം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്; വിവരം ലഭ്യമാക്കുമോ; | (സി) & (ഡി) | എൽ.പി.ജി.യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനങ്ങളും കേരള എസൻഷ്യൽ സർവ്വീസസ് മെയ്ന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാചക വാതക വിതരണത്തിലെ |
| (ഡി) | അവശ്യ സർവീസ് നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടെങ്കിലും പ്രസ്തുത നിയമത്തെ പാടേ അവഗണിച്ചു കൊണ്ട് ഈ മേഖലയിൽ ഉണ്ടാകുന്ന | | |

| | |
|---|---|
| സമരങ്ങളും മറ്റും മൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വിവരം ലഭ്യമാക്കുമോ? | അപാകതകൾ പരിഹരി ക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും, പരാതിപരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ സഹിതം വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ